## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1988 — 08-12-2014-ൽ മറുപടിയ്ക്ക്

### കഞ്ചാവ് വില്പനയുമായി ബന്ധപ്പെട്ട കേസ്സുകൾ

**ചോദ്യം:** **ഉത്തരം:**

ശ്രീ. ബാബു എം. പാലിശ്ശേരി

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും, തുറമുഖവും
എക്സൈസും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2014 വർഷത്തിൽ ഇതേവരെ കഞ്ചാവ് വില്പനയുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (എ) | 2014 വർഷത്തിൽ നവംബർ 30 വരെ എക്സൈസ് വകുപ്പിൽ കഞ്ചാവ് വില്പനയുമായി ബന്ധപ്പെട്ട് 864 എൻ.ഡി.പി.എസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇതിലെ പ്രതികളിൽ നിന്നും എത്ര കിലോ കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്; | (ബി) | 2014 വർഷത്തിൽ നവംബർ 30 വരെ എക്സൈസ് വകുപ്പിൽ കഞ്ചാവ് വില്പനയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചേയ്ത കേസ്സുകളിലായി 748 കിലോഗ്രാം കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്. |
| (സി) | ഇതിന്റെ വില്പന ഫലപ്രദമായി തടയുന്നതിന് എക്സൈസ് വകുപ്പ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ ? | (സി) | കഞ്ചാവിന്റെയും മരുന്ന് രൂപത്തിലുള്ള മറ്റ് ലഹരി വസ്തുക്കളുടെയും വിൽപ്പന തടയുന്നതിന് റെയ്ഡുകളും വാഹന പരിശോധനയും കർശനമാക്കുകയും രഹസ്യാന്വേഷണ വിഭാഗത്തെ കൂടുതൽ കാര്യക്ഷമമാക്കുകയും കേസുകൾ കണ്ടെടുക്കുന്നതിന് പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കഞ്ചാവിന്റെയും മറ്റ് നിരോധിത ലഹരി വസ്തുക്കളുടെയും കടത്ത്, വില്പന എന്നിവ തടയുന്നതിന് സംസ്ഥാന അതിർത്തി പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ശക്തമായ വാഹന പരിശോധനയും പട്രോളിങ്ങും നടത്തിവരുന്നു. ചെക്ക്പോസ്റ്റുകളിലൂടെ കടന്നുപോകുന്ന എല്ലാ വാഹനങ്ങളും കർശന പരിശോധനയ്ക്ക് വിധേയമാക്കി വരുന്നുണ്ട്. കൂടാതെ റെയിൽവെ സ്റ്റേഷൻ, പാർസൽ സർവ്വീസ് ഓഫീസുകൾ |

| | | | |
|---|---|---|---|
| | | | എന്നിവിടങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തി വരുന്നുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും അന്യ സംസ്ഥാന തൊഴിലാളികൾ മയക്കു മരുന്നുകൾ ഉപയോഗിക്കുന്നതും കടത്തി ക്കൊണ്ടുവരുന്നതും തടയുന്നതിന് വേണ്ടി ടി ആളുകൾ താമസിക്കുന്ന സ്ഥലങ്ങളിലും ജോലിചെയ്യുന്ന പ്രദേശങ്ങളിലും അന്വേഷണ ങ്ങളും രഹസ്യ നിരീക്ഷണങ്ങളും നടത്തി വരുന്നു. സമൂഹത്തിൽ പ്രത്യേകിച്ച് സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിന് സന്നദ്ധ സംഘടനകൾ വഴിയും, സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ